**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 595** **30-01-2024 - ൽ മറുപടിയ്ക്ക്**

**കെ.എഫ്.സി. ലോണുകൾ ഉദാരമാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ്,<br>ശ്രീ കോവൂർ കുഞ്ഞുമോൻ,<br>ശ്രീ. കെ.പി.മോഹനൻ,<br>ശ്രീ മാത്യു ടി. തോമസ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിന് കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ വഴി നൽകുന്ന ലോണുകൾ ഉദാരമാക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്ത് പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിന് കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ വഴി നൽകുന്ന ലോണുകൾ ഉദാരമാക്കുന്നതിന് താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>1) മുഖ്യമന്ത്രിയുടെ സംരംഭകത്വ വികസന പദ്ധതി (സി.എം.ഇ.ഡി.പി) പ്രകാരം ചെറുകിട ഇടത്തരം സംരംഭകർക്ക് 2 കോടി രൂപ വരെ 5% പലിശ നിരക്കിൽ വായ്പ നൽകുന്നു.<br><br>2) കാർഷികാധിഷ്ഠിത വ്യവസായങ്ങളെയും അഗ്രോ സ്റ്റാർട്ടപ്പുകളെയും പ്രോത്സാഹിപ്പിക്കുന്നതിനായി കെ.എഫ്.സി ആരംഭിച്ച കാർഷിക അധിഷ്ഠിത എം.എസ്.എം.ഇ ലോൺ സ്കീമിൽ (KAMS), 3% സംസ്ഥാന സർക്കാർ സബ്സിഡിയോടെ 6% പലിശ നിരക്കിൽ 10 കോടി രൂപ വരെ വായ്പയായി നൽകുന്നു.<br><br>3) സ്റ്റാർട്ടപ്പുകൾക്കായി കെ.എഫ്.സി പ്രത്യേക വായ്പാ പദ്ധതികൾ ആവിഷ്കരിച്ചു. ആശയത്തിൽ നിന്നും ഉൽപാദനത്തിലേക്ക് നീങ്ങാൻ 25 ലക്ഷം രൂപയും വാണിജ്യവൽക്കരണത്തിന് 50 ലക്ഷം രൂപയും വിപുലീകരണത്തിന് 2 കോടി രൂപയും നൽകുന്ന പദ്ധതിയാണ് സ്റ്റാർട്ടപ്പ് കേരള പദ്ധതി. ഇത് കൂടാതെ സ്റ്റാർട്ടപ്പുകൾക്ക് പർച്ചേയ്സ് ഓർഡറുകൾ നടപ്പാക്കാൻ പ്രവർത്തന മൂലധന വായ്പ |

| | | | |
|---|---|---|---|
| | | | (10 കോടി വരെ) വെഞ്ചർ ഡെബ്റ്റ് വായ്പ (10 കോടി രൂപ വരെ) എന്നിവയും നൽകുന്നുണ്ട്. വ്യവസായ പാർക്കുകളിൽ ഉള്ള സംരംഭങ്ങൾക്ക് അധിക കൊളാറ്ററൽ സെക്യൂരിറ്റി ഇല്ലാതെ വായ്പ അനുവദിക്കുന്നുണ്ട്. കൂടാതെ പുതിയ വ്യവസായങ്ങൾ തുടങ്ങുന്നതിനും നിലവിലുള്ളതിനെ വിപുലീകരിക്കുവാനും ആവശ്യമായ നിരവധി വായ്പ പദ്ധതികൾ കെ.എഫ്.സി നടപ്പിലാക്കി വരുന്നു. |
| (ബി) | മതിയായ രേഖകളുടെ അടിസ്ഥാനത്തിൽ കുറഞ്ഞ പലിശയ്ക്ക് കൂടുതൽ തുക അനുവദിക്കുന്നതിന് നടപടിക്രമങ്ങൾ ലഘൂകരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ? | (ബി) | **മതിയായ രേഖകളുടെ അടിസ്ഥാനത്തിൽ കുറഞ്ഞ പലിശയ്ക്ക് കൂടുതൽ തുക അനുവദിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിച്ച് കെ.എഫ്.സി.യിൽ നടപ്പിലാക്കിയിട്ടുണ്ട്.**<br><br>**<u>എ) പലിശനിരക്ക് കുറഞ്ഞത്:</u>**<br><br>മുഖ്യമന്ത്രിയുടെ സംരംഭകത്വ വികസന പദ്ധതിയിൽ 100 ലക്ഷം രൂപ ആയിരുന്ന വായ്പാ പരിധി 200 ലക്ഷം രൂപയാക്കി ഉയർത്തിയിട്ടുണ്ട്. പ്രസ്തുത വായ്പകൾക്ക് അറ്റ പലിശ നിരക്ക് 5% ആണ്. പദ്ധതി ചെലവിന്റെ 90% വരെ വായ്പ അനുവദിക്കാവുന്നതാണ്.<br><br>കാർഷികാധിഷ്ഠിത വ്യവസായങ്ങളെയും അഗ്രോസ്റ്റാർട്ടപ്പുകളെയും പ്രോത്സാഹിപ്പിക്കുന്നതിനായി കെ.എഫ്.സി ആരംഭിച്ച കാർഷിക അധിഷ്ഠിത എം.എസ്.എം.ഇ ലോൺ സ്കീമിൽ (KAMS) , 3 % സംസ്ഥാന സർക്കാർ സബ്സിഡിയോടെ 6% പലിശ നിരക്കിൽ 10 കോടി രൂപ വരെ വായ്പയായി നൽകുന്നു. 2022-23 സാമ്പത്തിക വർഷത്തിൽ നടപ്പാക്കിയ KAMS പദ്ധതി 2023-24 വർഷത്തേക്കു കൂടി നീട്ടിയിട്ടുണ്ട്. പ്രസ്തുത സ്കീമിൽ പദ്ധതി ചെലവിന്റെ 90% വരെ വായ്പയായി അനുവദിക്കാവുന്നതാണ്.<br><br>സ്റ്റാർട്ടപ്പുകൾക്കായി കെ.എഫ്.സി പ്രത്യേക വായ്പാ പദ്ധതികൾ ആവിഷ്കരിച്ചു. ആശയത്തിൽ നിന്നും ഉൽപാദനത്തിലേക്ക് നീങ്ങാൻ 25 ലക്ഷം രൂപയും വാണിജ്യവൽക്കരണത്തിന് 50 ലക്ഷം രൂപയും വിപുലീകരണത്തിന് 2 കോടി രൂപയും 5.60% പലിശ നിരക്കിൽ നൽകുന്ന പദ്ധതിയാണ് സ്റ്റാർട്ടപ്പ് കേരള പദ്ധതി . ഇത് കൂടാതെ സ്റ്റാർട്ടപ്പുകൾക്ക് , പർച്ചേയ്സ് ഓർഡറുകൾ നടപ്പാക്കാൻ പ്രവർത്തന മൂലധന വായ്പ |

| | | | |
|---|---|---|---|
| | | | (10 കോടി രൂപ വരെ) വെഞ്ചർ ഡെബ്റ്റ് വായ്പ (10 കോടി രൂപ വരെ) 7.60% പലിശ നിരക്കിൽ നൽകുന്നുണ്ട്.<br><br>**ബി) നടപടിക്രമങ്ങൾ ലഘൂകരിച്ചത്:**<br><br>ആഴക്കടൽ മത്സ്യബന്ധനം പരിപോഷിപ്പിക്കുവാനായി യന്ത്രവത്കൃത ആഴക്കടൽ മത്സ്യബന്ധനയാനങ്ങൾ (DSFU) വാങ്ങുന്നതിനായി 70 ലക്ഷം രൂപ വരെ 5% പലിശ നിരക്കിൽ വായ്പ നൽകി വരുന്നു. **പ്രത്യേകമായി കൊളാടൽ സെക്യൂരിറ്റി നൽകേണ്ടതില്ല.**<br><br>**ഈടില്ലാതെ CGTMSE (Credit Guarantee Fund Trust for Micro and Small Enterprises) വഴി രണ്ടു കോടി രൂപ വരെ വായ്പ കോർപ്പറേഷൻ അനുവദിക്കുന്നു.**<br><br>**വായ്പാ അപേക്ഷകൾ നൽകുന്നതിന് നേരിട്ട് ബ്രാഞ്ച് ഓഫീസുകളിൽ പോകേണ്ട ആവശ്യമില്ല. www.kfc.org ൽ ഓൺലൈനായി എൻക്വയറി സമർപ്പിക്കാവുന്നതാണ്. എൻക്വയറി അപേക്ഷ നൽകി ഏഴ് ദിവസത്തിനകം തത്വത്തിൽ അംഗീകാരം നൽകി തുടർ നടപടികൾ സ്വീകരിക്കുന്നു.** |

സെക്ഷൻ ഓഫീസർ